MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം 686 560**
**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**

പി.ആർ.ഒ./39/207/2018 2018 ഒക്ടോബർ 1

## വാർത്താക്കുറിപ്പ്

---

### എം.ജി. സർവകലാശലയ്ക്കു കീഴിലുള്ള കോളജുകളിൽ 'ക്ലീൻ കാമ്പസ്, ഗ്രീൻ കാമ്പസ്' പദ്ധതിക്ക് ഇന്നു തുടക്കം

നാഷണൽ സർവീസ് സ്കീമും (എൻ.എസ്.എസ്.) ശുചിത്വ മിഷനും സംയുക്തമായി നടപ്പാക്കുന്ന 'ക്ലീൻ കാമ്പസ്, ഗ്രീൻ കാമ്പസ്' പദ്ധതിക്ക് ഇന്ന് (ഒക്ടോബർ 2) മഹാത്മാ ഗാന്ധി സർവകലാശാലയ്ക്കു കീഴിലുള്ള കോളജുകളിൽ തുടക്കമാകും. ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയാണ് എല്ലാ യൂണിറ്റുകളിലും ഉദ്ഘാടനം നടക്കുക. കോട്ടയം ജില്ലാതല ഉദ്ഘാടനം ഇന്നു രാവിലെ ഒമ്പതിന് കോട്ടയം കലക്ടറേറ്റിൽ വനം-മൃഗസംരക്ഷണ വകുപ്പു മന്ത്രി കെ. രാജു നിർവഹിക്കും. ഇടുക്കി ജില്ലാതല ഉദ്ഘാടനം രാവിലെ 10ന് വഴതല ശാന്തിഗിരി കോളേജിൽ പി.ജെ. ജോസഫ് എം.എൽ.എ നിർവഹിക്കും. പദ്ധതിയുടെ രണ്ടാംഘട്ടമായി കോളജുകളുടെ സമീപ പ്രദേശത്തെ പ്രളയബാധിത വാർഡുകൾ ദത്തെടുത്ത് ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. പദ്ധതി നടത്തിപ്പിനായി സർവകലാശാലയ്ക്ക് കീഴിലെ പ്രോഗ്രാം ഓഫീസർമാക്കും വോളണ്ടിയർമാർക്കും ശുചിത്വമിഷൻ പരിശീലനം നൽകിയിട്ടുണ്ട്.

**<u>സർവകലാശാലയിൽ ഗാന്ധി ജയന്തി ദിനാഘോഷം ഇന്ന് (ഒക്ടോബർ 2)</u>**

മഹാത്മാ ഗാന്ധിയുടെ 150-ാം ജന്മ വാർഷികത്തോടനുബന്ധിച്ച് സർവകലാശാലാ കാമ്പസിലെ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിൽ ഇന്ന് (ഒക്ടോബർ 2) ഗാന്ധിജയന്തി ദിനാഘോഷം നടക്കും. രാവിലെ 10ന് സെമിനാർ ഹാളിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യും. ജോർജ് മുല്ലക്കര പ്രഭാഷണം നടത്തും. ഡയറക്ടർ പ്രൊഫ. എം.എച്ച്. ഇല്യാസ്, ഡോ. ഹരിലക്ഷ്മീന്ദ്രകുമാർ എന്നിവർ പങ്കെടുക്കും.

**<u>മികച്ച സേവനത്തിന് മൂന്ന് ജീവനക്കാർക്ക്</u>**

**<u>പി. ശേഖരൻ നായർ എൻഡോവ്മെന്റ്</u>**

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്തുത്യർഹ സേവനത്തിന് ജീവനക്കാർക്ക് ഏർപ്പെടുത്തിയ 2017ലെ പി. ശേഖരൻ നായർ എൻഡോവ്മെന്റ് പ്രഖ്യാപിച്ചു. സെക്ഷൻ ഓഫീസർ ജി. ശ്രീകൃഷ്ണകുമാർ, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ എസ്. ശ്രീലത, സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ആയ എം.ആർ. നസിയ എന്നിവരെയാണ് എൻഡോവ്മെന്റിന് തെരഞ്ഞെടുത്തത്. അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയ്ക്ക് താഴെയുള്ള സ്ഥിരം ജീവനക്കാരെയാണ് എൻഡോവ്മെന്റിന് പരിഗണിക്കുന്നത്.

**<u>പരീക്ഷാഫലം</u>**

2018 ഫെബ്രുവരിയിൽ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടത്തിയ ഒന്നാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (4 പി.എം. - 9 പി.എം.) സപ്ലിമെന്ററി, രണ്ടാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 15 വരെ അപേക്ഷിക്കാം.

2018 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ.ജെ.എം.സി. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 16 വരെ അപേക്ഷിക്കാം.

2018 മെയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ഭരതനാട്യം (സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 15 വരെ അപേക്ഷിക്കാം.

2017 നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ് സി. സുവോളജി (നോൺ സി.എസ്.എസ്. സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 15 വരെ അപേക്ഷിക്കാം.

2018 മെയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ് സി. പ്ലാന്റ് ബയോടെക്നോളജി (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 15 വരെ അപേക്ഷിക്കാം.

**മികച്ച സേവനത്തിന് മൂന്ന് ജീവനക്കാർക്ക്**

**പി. ശേഖരൻ നായർ എൻഡോവ്മെന്റ്**

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്തുത്യർഹ സേവനത്തിന് ജീവനക്കാർക്ക് ഏർപ്പെടുത്തിയ 2017ലെ പി. ശേഖരൻ നായർ എൻഡോവ്മെന്റ് പ്രഖ്യാപിച്ചു. സെക്ഷൻ ഓഫീസർ ജി. ശ്രീകൃഷ്ണകുമാർ, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ എസ്. ശ്രീലത, സീനിയർ ഗ്രേഡ് അസിസ്റ്റന്റ് എം.ആർ. നസിയ എന്നിവരെയാണ് എൻഡോവ്മെന്റിന് തെരഞ്ഞെടുത്തത്. അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയ്ക്ക് താഴെയുള്ള സ്ഥിരം ജീവനക്കാരെയാണ് എൻഡോവ്മെന്റിന് പരിഗണിക്കുന്നത്.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ